# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 936 08.01.2014 - ൽ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള നിയമസഭ അംഗീകരിച്ച കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ആക്റ്റ് പ്രകാരവും സ്റ്റാറ്റ്യൂട്ടറി റൂൾ ഓർഡർ പ്രകാരവും 2012 വരെ ലഭിച്ചു വരുന്ന കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ- ഇംബേഴ്സ് മെന്റ് 2013-ൽ പൂർണ്ണമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ 2013-ലെ മെഡിക്കൽ റീ-ഇംമ്പേഴ്സ് മെന്റിന്റെ 50% നൽകുന്നതിന് 26/07/2013-ൽ ഉത്തരവ് ഇറങ്ങുകയും ബാക്കി 50% നൽകുന്നതിന് 13.12.2013-ൽ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരളാ വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധമായ വിവരശേഖരണം എം/എസ്.ഗുഡ് ഹെൽത്ത് പ്ലാൻ എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചുകൊണ്ടുള്ള സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | 2013-ലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പൂർണ്ണമായി നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുവാൻ സന്നദ്ധമാകുമോ? | (സി) | 26.07.2013-ൽ ആദ്യത്തെ 50% നൽകുന്നതിനും 13/12/2013-ൽ ബാക്കിയുള്ള 50% നൽകുന്നതിനും ഉള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ